മാതൃഭൂമി
23 December 2017

# കടലിൽ കൂടുകൃഷിക്ക് സ്ഥലം കണ്ടെത്താനും ഉപഗ്രഹ വിദ്യ

കൊച്ചി► കടലിൽ കൂടുമത്സ്യ കൃഷി നടത്തുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്താൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) ഉപഗ്രഹ വിവരങ്ങൾ ഉപയോഗപ്പെടുത്തുമെന്ന് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ. യുവ ഗവേഷകരെ പരിശീലിപ്പിക്കുന്നതിനായി 21 ദിവസം നീണ്ടുനിന്ന വിൻറർ സ്കൂളിൻെറ സമാപന സംഗമത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മീൻപിടിത്ത മേഖല, നാവികസഞ്ചാര പാത, നിയന്ത്രണ മേഖല എന്നിങ്ങനെയുള്ള കടലിലെ വിവിധ സ്ഥലങ്ങൾ കൃത്യമായി അടയാളപ്പെടുത്തുന്നതിനായി സ്പെഷ്യൽ മാപ്പിങ്ങിനും ഉപഗ്രഹ വിവരങ്ങൾ സി.എം.എഫ്.ആർ.ഐ. ഉപയോഗിക്കും. കണ്ടൽവനങ്ങളുടെ മാപ്പിങ്ങും നടത്തും.

വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള ശാസ്ത്രജ്ഞരും അധ്യാപകരുമായ 22 പേർക്കാണ് പരിശീലനം നൽകിയത്. സമാപന സംഗമത്തിൽ ഡോ. എൻ.ആർ. മേനോൻ, ഡോ. ടി.വി. സത്യാനന്ദൻ, ഡോ. കെ.ജി. മിനി, കോഴ്സ് ഡയറക്ടർ ഡോ. ഗ്രിൻസൻ ജോർജ് എന്നിവർ സംസാരിച്ചു.